കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ

2017
മെയ്

₹ 10

# കേരളകർഷകൻ

മലയാളത്തിലെ ആദ്യ കൃഷി മാസിക
www.fibkerala.gov.in



- ഇനി ഉത്തമകൃഷിയുടെ കാലം
- വെള്ളക്കൂണിൽ ഒരു ഹ്രസ്വ ഇനം
- ഓമനിക്കാൻ ഹാംസ്റ്ററും
- മീൻ സിൽപോളിൻ കുളത്തിലും

മാലിന്യ സംസ്കരണത്തിന്റെ
മാർഗങ്ങളറിയാം

## വീണ്ടെടുക്കാം വൃത്തിയും വിളവും

ഹരിതകേരളം

ബിഗ് സ്റ്റോറി

## വിള ഇൻഷുറൻസ്

നഷ്ടപരിഹാരം വർദ്ധിപ്പിച്ച

ബൈജു.കെ.അലക്സ്[1], ആർ. എൽ. ഷാജുചന്ദ്രൻ[2]
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ[1], ക്ഷീരവികസനഓഫീസർ[2]
ക്ഷീരകർഷകക്ഷേമനിധി
ഫോൺ: 9495541251

# ക്ഷീരജാലകം മിഴി തുറന്നു .....

**ക്ഷീരജാലകം, ക്ഷീരസചേതന, ക്ഷീരനിധി തുടങ്ങിയ സംവിധാനങ്ങളിലൂടെ വിവരസാങ്കേതികവിദ്യ ഫലപ്രദമായി ക്ഷീരകർഷകർക്ക് വേണ്ടി പ്രയോജനപ്പെടുത്തി ക്ഷീരകർഷകക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ട്**

## ക്ഷീരജാലകം

ശാസ്ത്ര സാങ്കേതിക വിദ്യയിലുണ്ടാകുന്ന പുരോഗതി മനുഷ്യോപകാരപ്രദമാകുമ്പോഴാണ് അതിന്റെ പ്രസക്തി വർദ്ധിക്കുന്നത്. അത് അന്നദാതാക്കളായ കർഷകർക്കു പ്രയോജനം ചെയ്യുമ്പോൾ ഏറെ മഹത്തരമാകുന്നു. വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ക്ഷീരകർഷകർക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്ന ക്ഷേമനിധിയുടെ സംരംഭമാണ് ക്ഷീരജാലകം. ക്ഷേമനിധിയുടെ സമ്പൂർണ്ണ ഓഫീസ് ആട്ടോമേഷൻ സോഫ്റ്റ്‌വെയറാണിത്. ക്ഷീരകർഷകന്റെ അപേക്ഷ സ്വീകരിക്കുന്നതുമുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. വേഗത, സുതാര്യത, കാര്യക്ഷമത എന്നിവയാണ് ഇതിന്റെ മുഖമുദ്ര. ഒരു തുണ്ട് കടലാസ് പോലും പാഴാക്കാതെ ധനസഹായങ്ങൾ വിതരണം നടത്തുന്നതു വഴി ഗ്രീൻ പ്രോട്ടോകോൾ എന്ന ആശയവും ക്ഷേമനിധി മുന്നോട്ടുവയ്ക്കുന്നുണ്ട്. 2014 ൽ ആരംഭിച്ച സോഫ്റ്റ് വെയർ രൂപീകരണം മൂന്നു ഘട്ടങ്ങളിലായിട്ടാണ് പുരോഗമിച്ചത്. ഒന്നും, രണ്ടും ഘട്ടങ്ങൾ 2015 ഏപ്രിലിലും , 2016 ഏപ്രിലിലും പ്രവർത്തനസജ്ജമായി. 2017 ഏപ്രിലോടുകൂടി ക്ഷീരജാലകം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും.

സർക്കാർ ഓഫീസുകൾ കയറി ഇറങ്ങാതെ അംഗത്വത്തിനും വിവിധ ധനസഹായങ്ങൾക്കുമുള്ള അപേക്ഷകൾ സ്വഭവനത്തിലിരുന്നു തന്നെ കമ്പ്യൂട്ടർ ഉപയോഗിച്ചോ, സ്മാർട്ട് ഫോൺ ഉപയോഗിച്ചോ നൽകുവാൻ സാധിക്കും എന്നതിലുപരി സമർപ്പിച്ച അപേക്ഷയുടെ പുരോഗതിയും ക്ഷീരകർഷകന് അറിയുവാൻ സാധിക്കുന്നു. സ്വന്തമായി അപേക്ഷ സമർപ്പിക്കുന്നതിന് ബുദ്ധിമുട്ടുള്ള ക്ഷീരകർഷകർക്ക് അക്ഷയസെന്ററുകൾ മുഖേനയോ, ഇന്റർനെറ്റ് കഫേകൾ മുഖേനയോ അപേക്ഷകൾ സമർപ്പിക്കാനും സാധിക്കുന്നു. ക്ഷീരകർഷകർക്കുണ്ടാകുന്ന പരാതികൾ നേരിട്ട് ക്ഷേമനിധിയിൽ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിവിധ ഓഫീസുകളുടെ വിവരങ്ങൾ, വിവിധ ധനസഹായങ്ങളുടെ വിവരങ്ങൾ, ഓരോ മാസവും നൽകുന്ന പെൻഷന്റെ വിവരങ്ങൾ, ക്ഷേമനിധി അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെ ലിങ്കുകൾ എന്നിവയെല്ലാം ക്ഷീരജാലകത്തിൽ നൽകിയിട്ടുണ്ട്.



ക്ഷീരനിധി സംവിധാനത്തിന്റെ ഉദ്ഘാടനം മൃഗസംരക്ഷണവകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവഹിക്കുന്നു




സന്ദർശിക്കൂ .....
**WWW.kdfwf.org**

## ക്ഷീരസചേതന

ക്ഷേമനിധിയിൽ നിലവിലുള്ള ഏതാണ്ട് 70,000 ത്തോളം പെൻഷണർമാർ വർഷാവർഷം നൽകേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി വിരലടയാളം പതിപ്പിച്ചു നൽകുന്നതിനുള്ള വളരെ ലഘുവായ ഒരു സംവിധാനവും ക്ഷേമനിധി ഒരുക്കിയിട്ടുണ്ട്. ക്ഷീരസചേതന എന്ന പേരിൽ ആധാർ ഡാറ്റാബേസിലെ ബയോമെട്രിക് വിവരങ്ങൾ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്ന ഈ സംവിധാനം കേരളത്തിൽ ഇത്തരത്തിൽ ആദ്യത്തേതാണ്.

## ക്ഷീരനിധി

വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ഷീരസംഘങ്ങൾ അടയ്ക്കേണ്ടുന്ന അംശദായം സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് ക്ഷീരനിധി. ക്ഷീരസംഘങ്ങൾക്ക് ഓൺലൈനായി അംശദായതുക അടയ്ക്കുവാൻ സാധിയ്ക്കും എന്നതിനുപുറമെ അടച്ച അംശദായത്തിന്റെ കൃത്യവും വിശദവുമായ കണക്കും അറിയുവാൻ സാധിക്കും. ക്ഷീരനിധി സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പട്ടാമ്പിയിൽ വച്ച് സംസ്ഥാന ക്ഷീരസംഗമത്തോടനുബന്ധിച്ച് നിർവ്വഹിച്ചു.

70,000- ത്തോളം വരുന്ന ക്ഷീരകർഷക പെൻഷണർമാരുടെ ഡാറ്റാബേസ് മാനേജ് ചെയ്യുന്നതിനും, കുറ്റമറ്റരീതിയിൽ ഓരോ മാസവും പെൻഷൻ അനുവദിക്കുന്നതിനും, 3 ലക്ഷത്തിൽപരം അംഗങ്ങളുടെ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും, കേരളത്തിലെ 3500-ഓളം ക്ഷീരസഹകരണ സംഘങ്ങളുടെ വിവരങ്ങൾ, അവരുടെ അംശാദായം സംബന്ധിച്ച കണക്കുകൾ എന്നിവയെല്ലാം സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗത്തിലൂടെ ക്ഷേമനിധിയിൽതന്നെ സ്ഥാപിച്ചിരിക്കുന്ന സെർവർ കമ്പ്യൂട്ടറിന്റെ സഹായത്തോടെ കൈകാര്യം ചെയ്യാൻ സാധിക്കുന്നു. ഇതിൽ സംഭരിച്ചിരിക്കുന്ന വിവരങ്ങൾ ക്ഷീരകർഷകർക്കും ക്ഷീരസഹകരണ സംഘങ്ങൾക്കും ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങൾക്കും ഒരു സാധാരണ കമ്പ്യൂട്ടറിലൂടെയോ, സ്മാർട്ട് ഫോണിലൂടെയോ അനായാസേന 24 മണിക്കൂറും ലഭ്യവുമാണ്.

കേരളത്തിലെ പാലുത്പാദനം കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലാനുസൃതമായി ഉത്പാദനത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും സാധിക്കുന്ന രീതിയിൽ തയാറാക്കിയിരിക്കുന്ന **ക്ഷീര വിശ്ലേഷൺ** മൊഡ്യൂൾ ക്ഷീരജാലകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരസംഘം തിരിച്ചുള്ള വാർഷിക പാലുത്പാദനം, പ്രാദേശികമായി വിപണനം നടത്തപ്പെടുന്ന പാലിന്റെ വിവരങ്ങൾ, ക്ഷീരസംഘത്തിൽ പാലളക്കുന്ന സജീവ അംഗങ്ങളുടെ വിവരങ്ങൾ തുടങ്ങി പാലുത്പാദനവുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള സ്ഥിതിവിവരകണക്കുകളും തയ്യാറാക്കാൻ സാധിക്കുന്ന രീതിയിലാണ് ഇത് തയ്യാറാക്കിയിരുന്നത്. ക്ഷീരസംഘങ്ങളെ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കുന്നതിനും ഇതിൽ സംവിധാനമുണ്ട്. ലഭ്യമായ പരമാവധി വിവരങ്ങളെ ക്രോഡീകരിച്ച് ക്ഷീരകർഷകർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നർക്കും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന രീതിയിൽ ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ സംവിധാനങ്ങളും ക്ഷീരജാലകത്തിൽ ഒരുക്കിയിട്ടുണ്ട്. വിവരങ്ങൾ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. വിവരങ്ങൾ പങ്കുവയ്ക്കുന്നതുവഴി ക്ഷീരമേഖലയ്ക്ക് പരമാവധി പ്രയോജനം ലഭിയ്ക്കും എന്നാണ് ക്ഷീരജാലകത്തിലൂടെ ക്ഷേമനിധി പ്രതീക്ഷിക്കുന്നത്.

ക്ഷീരകർഷക ക്ഷേമനിധിയുമായും, ക്ഷീരജാലകം സോഫ്റ്റ് വെയറുമായും ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുന്നതിന് ക്ഷീരജാലകത്തിന്റെ വെബ്സൈറ്റായ **www.kdfwf.org** പ്രയോജനപ്പെടുത്താവുന്നതാണ്.